# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *19** — **04/06/2018-ൽ മറുപടിക്ക്**

## നിപ വൈറസ് ബാധ

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ഡോ.എം. കെ. മുനീർ**<br>**ശ്രീ.പി.ഉബൈദുള്ള** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| **എ)** | മലപ്പുറം, കോഴിക്കോട് ജില്ലകളിൽ നിപ വൈറസ് ബാധ മൂലം പനിമരണങ്ങൾ സംഭവിച്ചതിൽ ജനങ്ങൾ ഭീതിയിലാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **എ)** | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| **ബി)** | പകർച്ച പനി വ്യാപിക്കുന്നത് തടയുന്നതിനും ജനങ്ങളുടെ ആശങ്കകൾ അകറ്റുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; | **ബി)** | വിഷയത്തിന്റെ ഗൗരവം ശ്രദ്ധയിൽപെട്ടയുടൻ ആരോഗ്യവകുപ്പ് ഡയറക്ടർ, ആവശ്യമായ സാമ്പിളുകൾ ശേഖരിക്കുന്നതിനും അവ പരിശോധനക്കായി അയക്കുന്നതിനെക്കുറിച്ചും, ദ്രുതകർമ്മ സേന വിളിച്ചുകൂട്ടി അനന്തര മേൽ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകി. തുടർ മരണം ശ്രദ്ധയിൽപെട്ടപ്പോൾ ടി മരണം നടന്ന സ്വകാര്യ ആശുപത്രിയിലെ ഡോക്ടർമാരോട് മരണപ്പെട്ട ആളുടെ പോസ്റ്റ്മോർട്ടം എല്ലാവിധ മുൻകരുതലോടും കൂടെ ചെയ്ത് രോഗനിർണയം നടത്തുന്നതിനാവശ്യമായ സാമ്പിളുകൾ ശേഖരിക്കാൻ നിർദേശം നൽകി. അതോടൊപ്പം മണിപ്പാൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ പരിശോധനയ്ക്കുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തി. നിപ വൈറസ് ബാധ സ്ഥിരീകരിച്ചതോടെ പൊതു ജനങ്ങളുടെ സംശയനിവാരണത്തിന് കൺട്രോൾ റൂം തുടങ്ങി. മൃഗസംരക്ഷണ-വകുപ്പിന്റെ നേതൃത്വത്തിൽ രോഗ-വാഹകരെന്ന് സംശയിക്കുന്ന മൃഗങ്ങളുടെയും രോഗപ്പകർച്ച സംശയിക്കുന്ന പഴങ്ങളുടെയും സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചു. ബഹുമാനപ്പെട്ട ആരോഗ്യവകുപ്പ് മന്ത്രിയും ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങൾക്കായി ജില്ലയുടെ ചാർജുള്ള ബഹുമാനപ്പെട്ട തൊഴിൽ വകുപ്പ് മന്ത്രിയും ആരോഗ്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും |

ബോധവത്കരണ പ്രതിരോധ പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിക്കുകയും ആവശ്യമായ മാർഗനിർദേശങ്ങൾ നൽകുകയും ചെയ്തു. നിപ വൈറസ് മൂലമുള്ള പനി നേരിടുന്നതിനായി ആശുപത്രികൾ സുസജ്ജമാക്കിയിട്ടുണ്ട്. നിപ വൈറസ് ബാധ മൂലമുള്ള പനി ചികിത്സിക്കുന്നതിന് ആവശ്യമുള്ള ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും സജ്ജമാക്കിയിട്ടുണ്ട്. പനി ബാധിതരെ ചികിത്സിക്കുന്നതിനായി പ്രത്യേക ഐസൊലേഷൻ വാർഡ് സംവിധാനം ഒരുക്കിയിട്ടുണ്ട്. ആവശ്യമായ മരുന്ന് ലഭ്യമാക്കിയിട്ടുണ്ട്. രോഗം പകരുന്നത് തടയാനും, വരാതിരിക്കാനും വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ/ക്ലാസ്സുകൾ ജീവനക്കാർക്ക് നൽകിയിട്ടുണ്ട്. മാസ്ക്, ഏപ്രൺ, ഹാന്റ് റബ്ബ്, ഹാന്റ് വാഷ്(PPE Kit) തുടങ്ങിയ അടിസ്ഥാനപരമായ പ്രതിരോധ ഉപാധികൾ ആവശ്യത്തിന് ലഭ്യമാക്കിയിട്ടുണ്ട്. ആശുപത്രിയിലെത്തുന്ന രോഗികളുടെ തിരക്ക് കുറയ്ക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആശുപത്രിയിലെത്തുന്ന പൊതുജനങ്ങൾക്ക് ആവശ്യമായ അവബോധം നൽകി വരുന്നുണ്ട്. കൂടാതെ ആശുപത്രിയിൽ പനിബാധിച്ച് ചികിത്സ തേടുന്ന ജീവനക്കാരുടെ ഫോൺ നമ്പർ അടക്കമുള്ള വിശദവിവരങ്ങൾ ശേഖരിക്കുന്നുണ്ട്.

**സി)** ചികിത്സ പ്രോട്ടോക്കോൾ സംബന്ധിച്ചും ചികിത്സകരുടെ സുരക്ഷ സംബന്ധിച്ചും ആരോഗ്യവകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

**സി)** നിപ വൈറസിനെതിരെ ബംഗ്ലാദേശിൽ (2001 -2010 ) രൂപീകരിച്ച മാർഗ്ഗരേഖയും, WHO യുടെമാർഗ്ഗരേഖയും അടിസ്ഥാനപ്പെടുത്തി വിദഗ്ധ സംഘം ഒരു മാർഗരേഖ ഉണ്ടാക്കുകയും ആയതു എല്ലാ ജില്ലകളിലേയ്ക്കും അയച്ചു നൽകുകയും ചെയ്തു. ഇത് ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. നിപ രോഗബാധയുള്ളവരുമായും, രോഗം സംശയിക്കുന്നവരുമായും ചികിത്സയ്ക്കും പരിചരണത്തിനുമായി അടുത്തിടപഴകേണ്ട ഡോക്ടർമാർ, നേഴ്സുമാർ മറ്റ് ആരോഗ്യപ്രവർത്തകർ, ബന്ധുക്കൾ തുടങ്ങിയവർ സ്വീകരിക്കേണ്ട വ്യക്തിഗത സുരക്ഷാ മാർഗങ്ങളെപ്പറ്റി ആവശ്യമായ ബോധവൽക്കരണം നടത്തി · വ്യക്തി സുരക്ഷാ ഉപാധികളടങ്ങിയ കിറ്റ് എൻ -95 മാസ്ക്, 3 പാളികളിലുള്ള മാസ്ക്, കയ്യുറകൾ,

ഏപ്രണുകൾ, അണുനാശിനികൾ തുടങ്ങിയവ ലഭ്യമാക്കിയിരുന്നു.

ഡി) വൈറൽ രോഗങ്ങളെ നേരിടുന്നതിനായി മികച്ച സൗകര്യമുള്ള വൈറോളജി ലാബുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

ഡി) പരിഗണിച്ച് വരുന്നു.

ഇ) പകർച്ചവ്യാധികൾ പ്രതിരോധിക്കുന്നതിന് കാലവർഷത്തിനുമുമ്പുള്ള ശുചീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ഇ) പകർച്ചവ്യാധികൾ പ്രതിരോധിക്കുന്നതിന് കാലവർഷത്തിനുമുമ്പുള്ള ശുചീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ ഇതര വകുപ്പുകളുടേയും വിവിധ ഏജൻസികളുടേയും സഹകരണത്തോടെയും ഏകോപനത്തോടേയും ഉള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**